# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ലഹരിമരുന്നു ഉപയോഗവും വിൽപ്പനയും</u>

110 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്നു ഉപയോഗവും വിൽപ്പനയും ആപൽക്കരമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-ൽ മയക്കുമരുന്നു ഉൽപാദന-വിപണനം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥർ പ്രതിചേർക്കപ്പെട്ട മയക്കുമരുന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അതിൽ സ്വീകരിച്ച തുടർ നടപടികളും വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

സംസ്ഥാനത്തെ മദ്യ ഉപഭോഗം

111 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ; മദ്യഉപഭോഗം കണക്കാക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ബി) വ്യാജമദ്യം സംസ്ഥാനത്തെങ്ങും വ്യാപിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജമദ്യത്തിന്റെ വ്യാപനം ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവുണ്ടാക്കിയിട്ടുണ്ടോ;

(ഡി) 2011, 2012 എന്നീ ഓരോ വർഷങ്ങളിലും, 2013 മെയ് അവസാനം വരെയും ബിവറേജസ് കോർപ്പറേഷൻ വഴി എന്തുതുകയുടെ വീതം മദ്യം വിൽപന നടത്തിയിട്ടുണ്ട്;

(ഇ) 2011 ഏപ്രിൽ അവസാനം സംസ്ഥാനത്തുണ്ടായിരുന്ന മദ്യവിൽപനയ്ക്കുള്ള വിവിധങ്ങളായ ലൈസൻസ് മൊത്തം എത്രയായിരുന്നു; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഉപഭോഗം</u>

112

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

113 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012-13 ൽ എത്ര കോടി രൂപയുടെ വിദേശമദ്യമാണ് വിറ്റഴിക്കപ്പെട്ടത്;

(ബി) 2011-12 ൽ എത്ര കോടി രൂപയുടെ വില്പനയാണ് നടന്നത്;

(സി) സംസ്ഥാനത്ത് എത്ര ബാറുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ ബാറുകളിലെല്ലാം കൂടി 2012-13 ൽ എത്ര കോടി രൂപയുടെ വിദേശമദ്യമാണ് വില്പന നടത്തിയത്;

(ഇ) മദ്യഉപഭോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിന്റെ ഫലമായി മദ്യഉപഭോഗത്തിൽ എന്തെങ്കിലും കുറവ് വന്നതായി വിവരം ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>മദ്യഷാപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ</u>

114 ശ്രീ. കെ. ശിവദാസൻ നായർ
'' അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യഷാപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള
വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പ്രസ്തുത വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മദ്യഷാപ്പുകൾ തുടങ്ങുന്നതിന് അന്തിമ അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആയതിലേക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## ബീവറേജസ് കോര്‍പ്പറേഷന്റെ വില്പനശാലകള്‍

115

ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, അന്‍വര്‍ സാദത്ത്
,, ആര്‍. സെല്‍വരാജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബിവറേജസ് കോര്‍പ്പറേഷന്റെ വില്പനശാലകള്‍ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് പുതിയ വില്പനശാലകള്‍ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് പ്രസ്തുത നയം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ബിവറേജസ് കോര്‍പ്പറേഷന്‍ വാങ്ങുന്ന മദ്യത്തിന്റെ വില വര്‍ദ്ധനവ്</u>

116 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം ബിവറേജസ് കോര്‍പ്പറേഷന്‍ വാങ്ങുന്ന മദ്യത്തിന്റെ വില വര്‍ദ്ധിപ്പിച്ച് നല്‍കിയിട്ടുണ്ടോ; സ്വകാര്യ മദ്യ കമ്പനികള്‍ക്ക് എത്ര ശതമാനം വര്‍ദ്ധന നല്‍കി;

(ബി) 2011-2012, 2012-2013 എന്നീ വര്‍ഷങ്ങളില്‍ ബിവറേജസ് കോര്‍പ്പറേഷന്‍ ഏറ്റവും കൂടുതല്‍ മദ്യം വാങ്ങിയ കമ്പനികള്‍ ഏതൊക്കെയാണെന്നും, വാങ്ങിയ മദ്യം സംബന്ധിച്ച മൊത്തം കണക്കുകളും വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനികള്‍ വീണ്ടും വില വര്‍ദ്ധിപ്പിച്ച് നല്‍കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കില്‍ എത്ര ശതമാനം വര്‍ദ്ധനയാണാവശ്യപ്പെട്ടിരിക്കുന്നത്; പ്രസ്തുത ആവശ്യത്തിന്മേല്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഈ സര്‍ക്കാര്‍ ഇതിനകം നല്‍കിയ വര്‍ദ്ധനയിലൂടെ പ്രസ്തുത കമ്പനികള്‍ക്ക് ലഭിച്ച അധിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മദ്യത്തിന്റെയും ബിയറിന്റെയും വില വർദ്ധനവ്</u>

117 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബിവറേജസ് കോർപ്പറേഷൻ വിവിധ തരം മദ്യത്തിനും ബിയറിനും വില എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) ഏതെല്ലാം തീയതികളിലെ തീരുമാനങ്ങൾ വഴി ഏതെല്ലാം മദ്യങ്ങൾക്കും ബിയറുകൾക്കും എത്ര ശതമാനം വീതം വില വർദ്ധിപ്പിയ്ക്കുകയുണ്ടായി:

(സി) ഓരോ വർദ്ധനവിലൂടെയും കോർപ്പറേഷനുണ്ടായ അധിക ചെലവ് പ്രതിവർഷം എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ചാരായ നിരോധന പ്രഖ്യാപനത്തെ തുടർന്ന് തൊഴിലാളി കളുടെ പുനരധിവാസം

118 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1995-ലെ ചാരായ നിരോധന പ്രഖ്യാപനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുനരധിവാസത്തിന്റെ ഭാഗമായി എത്ര തൊഴിലാളികൾക്ക് ബിവറേജസ് ഔട്ട്ലറ്റുകളിൽ നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അനധികൃത സ്പിരിറ്റ് കടത്തൽ</u>

119 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ അനധികൃതമായി കടത്തിയ എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തത്;

(ബി) ഇപ്രകാരം പിടിച്ചെടുത്ത സ്പിരിറ്റ് എങ്ങിനെ സൂക്ഷിക്കുന്നു/എങ്ങിനെ വിനിയോഗിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പോലീസോ എക്സൈസോ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്തു വില്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര വാഹനങ്ങളാണ് 2012-13 ൽ ലേലം ചെയ്തിട്ടുള്ളത്;

(ഇ) ഈ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ചിക്കോപ്സിന്റെ പുനരുദ്ധാരണം

120 ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം മൂലം സാമ്പത്തിക പ്രതിസന്ധിയിലായ ചിറ്റൂർ സഹകരണ പഞ്ചസാര ഫാകടറി (ചിക്കോപ്സ്) യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 27.3.08ന് പുറത്തിറക്കിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കാൻ പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(സി) എക്സൈസ് വകുപ്പിന് കീഴിൽ ചിക്കോപ്സിനെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഉൽപ്പാദന യൂണിറ്റാക്കി മാറ്റിയിട്ടുണ്ടോ;

(ഡി) കരിമ്പ് വില കുടിശ്ശിക, ശമ്പള കുടിശ്ശിക, വി.ആർ.എസ് ആനുകൂല്യം, ജില്ലാബാങ്ക് വായ്പ തുടങ്ങിയ 20.50 കോടി രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ഇ) ഫാക്ടറി സർക്കാറിലേക്ക് നൽകാനുള്ള 20.38 കോടി രൂപയുടെ ബാധ്യത എഴുതിത്തള്ളാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(എഫ്) പുതിയ കമ്പനിയുടെ എം.ഡിയായും ഭരണസമിതിയായും കെ.എസ്.ബി.സി. എം.ഡി യേയും ഭരണസമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ജി) പുതിയ കമ്പിനിയിൽ വിദേശമദ്യം ഉൽപ്പാദനത്തിനുള്ള പ്രാരംഭ ചെലവുകൾ കെ.എസ്.ബി.സി യെ ഏൽപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

(എച്ച്) 27.3.08ന്റെ സർക്കാർ ഉത്തരവ് ഇനിയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ ചിക്കോപ്സിന്റെ പുനരുദ്ധാരണത്തിനായി ഇവ എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പൊഴിയൂരിൽ അനധികൃത മദ്യക്കച്ചവടം തടയാൻ നടപടി</u>

121 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ പൊഴിയൂരിനെ മദ്യവിമുക്ത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെങ്കിലും പ്രാരംഭപ്രവർത്തനം ആരംഭിച്ചിരുന്നോ; അതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പൊഴിയൂർ-ഉച്ചക്കട പ്രദേശത്ത് രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന പല ഹോട്ടലുകളിലും അനധികൃതമായി മദ്യക്കച്ചവടം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഹോട്ടലുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്; ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

122 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രസർക്കാർ നാളിതുവരെ എന്ത് തുക അനുവദിക്കുകയുണ്ടായി;

(ബി) 2013-14 സാമ്പത്തിക വർഷത്തെ കേന്ദ്രബഡ്ജറ്റിൽ വിഴിഞ്ഞം പദ്ധതിക്ക് മാത്രമായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

**മത്സ്യ – തുറമുഖ വകുപ്പിൽ 2012–13 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിത വിനിയോഗങ്ങൾ**

123 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന – തുറമുഖ വകുപ്പിൽ വിവിധ ഹെഡ്ഡുകളിലായി 2012–13 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്ലാനിലും നോൺ പ്ലാനിലും അനുവദിക്കപ്പെട്ട തുകകൾ ഹെഡ് തിരിച്ച് ലഭ്യമാക്കാമോ; ഓരോ ഹെഡിലും സാമ്പത്തിക വർഷാവസാനം ചെലവഴിക്കപ്പെട്ട തുകകളുടെ കണക്കും ലഭ്യമാക്കുമോ;

(ബി) ഇതിനകം ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം ആരംഭിക്കാത്ത എത്ര പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) നബാർഡിൽ(NABARD) നിന്നും 2011–12, 2012–13 വർഷങ്ങളിൽ എന്ത് തുക മത്സ്യബന്ധന – തുറമുഖ വകുപ്പിന് ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്ക് അവ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## കൊയിലാണ്ടി ഫിഷറീസ് ഹാർബർ നിർമ്മാണം

124 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷറീസ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അവലോകനവുമായി ബന്ധപ്പെട്ട് മന്ത്രി പങ്കെടുത്ത എത്ര യോഗങ്ങൾ ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം വച്ച് നടന്നു;

(സി) പ്രസ്തുത യോഗങ്ങളിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തീരുമാനങ്ങൾ അനുസരിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) കേന്ദ്ര സർക്കാരിൽ സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുന്നതിൽ എന്തെല്ലാം പുരോഗതി ഉണ്ടായി എന്നത് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പുമന്ത്രി മുഖ്യമന്ത്രിയോടൊപ്പമോ അല്ലാതെയോ എത്ര തവണ ഡൽഹയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത യാത്രവേളയിൽ വകുപ്പുമന്ത്രി ഏഷ്യയിലെ തന്നെ വലിയ ഹാർബർ എന്ന നിലയിലുള്ള പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയിരുന്നുവോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രതലത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാവുമോ;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

(എച്ച്) ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കിണർ നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുകിട്ടുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് സി.ഇ ഫിഷറീസ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ നടപടിയാവാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഫിഷറീസ് ഡയറക്ടറിൽ നിന്നും അനുവാദ ഉത്തരവ് ഉടനെ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; സ്ഥലം വിട്ടുകിട്ടാത്ത സാഹചര്യത്തിൽ കരാറുകാരൻ വിട്ടുപോകാനുള്ള സാധ്യത സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

അജാനൂർ കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണം

125 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം നടപടികളാണ് പൂർത്തിയായത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ</u>

126 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പ് സാമ്പത്തികവർഷം തുറമുഖ വകുപ്പിനുകീഴിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റുകൾ ലഭ്യമാക്കുമോ;

(സി) തുറമുഖ വകുപ്പിനുകീഴിലുള്ള ഏതെങ്കിലും പ്രവൃത്തികൾ അമ്പലപ്പുഴ മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ; എങ്കിൽ എന്തുകാരണത്താലാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

പുതിയങ്ങാടി ഫിഷിങ്ങ് ഹാർബർ

127 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>വടകരയിൽ കടൽപ്പാലം നിർമ്മാണം പുനരാരംഭിക്കാൻ നടപടി</u>

128 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വടകരയിൽ ചരക്ക് കയറ്റിറക്കിന് കടൽപ്പാലം നിർമ്മാണവും അതിന് ആവശ്യമായ ഓഫീസിന്റെ നിർമ്മാണവും ആരംഭിച്ചശേഷം പാലത്തിന്റെ പണി നിർത്തലാക്കിയത് എപ്പോഴാണ്; പണി നിർത്തലാക്കാനുണ്ടായ കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കടൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കൊച്ചിയിൽ നിന്നും കൊല്ലത്തേക്കുള്ള ചരക്കുകപ്പൽ ഗതാഗത പദ്ധതി</u>

129 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നിന്നും കൊല്ലത്തേക്കുള്ള ചരക്കുകപ്പൽ ഗതാഗത പദ്ധതിയിൽ ആലപ്പുഴയെ ഉൾപ്പെടുത്തുമോ; ദേശീയ പാതയിലെ തിരക്ക് ഒഴിവാക്കാൻ പ്രസ്തുത പദ്ധതി സഹായിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ വിനോദസഞ്ചാര മേഖലക്കും കയർ കയറ്റുമതി ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്കും ഈ പദ്ധതി ഗുണപ്രദമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചരക്കു നീക്കം നടത്തുന്നതിനാവശ്യമായ ടെർമിനൽ സൗകര്യം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>തുറമുഖവകുപ്പിൽ ജീവനക്കാരെ പിരിച്ച് വിട്ട നടപടി</u>

130 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും വിഭാഗം ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ടോ; എങ്കിൽ അവർ എത്ര വർഷം ആയി സേവനം അനുഷ്ഠിക്കുന്നവരാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പിരിച്ചുവിടലിന് ആധാരമായ കാരണം വ്യക്തമാക്കാമോ;

(സി) അനധികൃതമായ പിരിച്ച് വിടൽ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

131 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികളുടെയും നടപ്പിലാക്കാൻ ആരംഭിച്ച പ്രവൃത്തികളുടെയും വിശദവിവരം നൽകുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; അമ്പലപ്പുഴ നിയമസഭാംഗം നിർദ്ദേശിച്ച ഏതെല്ലാം ജോലികൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി</u>

132 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ കുട്ടനാട്ടിലെ ഏതെല്ലാം റോഡുകൾക്കാണ് ഈ വർഷം അനുമതി ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് ഇനിയും എടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ഭാരതപ്പുഴയുടെ തീരങ്ങളിൽ നടക്കുന്ന അമിതമായ മണലൂറ്റ്

133 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള പൊന്നാനി അഴിമുഖം മുതൽ ചമ്രവട്ടം പാലം വരെയുള്ള ഭാതപ്പുഴയുടെ ഭാഗങ്ങളിൽ മണലൂറ്റ് മൂലം പാലത്തിന് താഴെയുള്ള കരിങ്കൽ സംരക്ഷണക്കെട്ടുകൾ താഴ്ന്നു പോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അഴിമുഖത്ത് നിന്നും ചെളിയും മറ്റും നീക്കം ചെയ്യുന്നതിന് സൊസൈറ്റികൾക്ക് നല്കുന്ന അനുമതി ഉപയോഗിച്ച് പുഴയിൽ നിന്ന് മണലൂറ്റുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പുഴയിൽ രൂപപ്പെട്ട കുഴികളും, ചെളിയും ഇത്തരം സൊസൈറ്റികൾ നീക്കം ചെയ്യാതെ മണലൂറ്റ് മാത്രം നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സൊസൈറ്റികൾക്ക് ലൈസൻസ് നൽകുന്നത് നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണം</u>

134 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ മത്സ്യബന്ധനതുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഇവിടുത്തേയ്ക്കുള്ള റോഡുകൾ വീതികൂട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ</u>

135 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നടക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ഓലക്കാൽക്കടവിന് പാലം

136 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കാൽക്കടവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

137 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏറ്റെടുത്തിരിക്കുന്നതും, ഉൾപ്പെടുത്തിയി രിക്കുന്നതുമായ റോഡുകൾ, മാർക്കറ്റുകൾ എന്നിവയുടെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നൂറനാട് മാർക്കറ്റ്, താമരക്കുളം മാർക്കറ്റ് എന്നിവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>തീരദേശ റോഡുകളുടെ നവീകരണം</u>

138 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വക്കം ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) 2013–14 വർഷത്തെ തീരദേശ റോഡു നവീകരണ പദ്ധതിയിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## തീരദേശ റോഡുകളുടെ വികസനം

139 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മണ്ഡലങ്ങളായി കണക്കാക്കിയിട്ടുള്ള നിയോജക മണ്ഡലങ്ങൾ ഏതെല്ലാം;

(ബി) ഈ മണ്ഡലങ്ങളിൽ ഉള്ള മത്സ്യ തൊഴിലാളികൾ/തീരദേശ ജനവിഭാഗങ്ങൾ എന്നിവരെ നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2011-2012, 2012-2013 എന്നീ വർഷങ്ങളിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2011-2012, 2012-2013 വർഷങ്ങളിൽ ഏറ്റവും കൂടുതൽ തുക അനുവദിക്കപ്പെട്ട നിയോജക മണ്ഡലം ഏത് എന്ന് വ്യക്തമാക്കാമോ;

(ഇ) 2012-2013 വർഷത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് അനുവദിക്കപ്പെട്ട നിയോജക മണ്ഡലം ഏത് എന്നത് വ്യക്തമാക്കാമോ;

(എഫ്) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും എത്ര റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 2012-2013 വർഷത്തിൽ മത്സ്യ/തുറമുഖ വകുപ്പിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്; എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ട റോഡുകൾ ഏതെല്ലാം; ഓരോ റോഡിന്റേയും എസ്റ്റിമേറ്റ് തുക എത്ര; വിശദമാക്കുമോ;

(ജി) പ്രസ്തുത റോഡുകളിൽ നാളിതുവരെ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; റോഡുകൾ ഏതെല്ലാം;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

(എച്ച്) നടപ്പു വര്‍ഷത്തില്‍ ഏതെല്ലാം റോഡുകള്‍ക്ക് എത്ര തുക വീതം ഭരണാനുമതി നല്‍കിയെന്ന് വ്യക്തമാക്കാമോ;

(ഐ) എസ്റ്റിമേറ്റ് സഹിതം സര്‍ക്കാരില്‍ സമര്‍പ്പിച്ചിട്ടുള്ളതില്‍ ശേഷിക്കുന്ന റോഡുകള്‍ക്ക് 2013-2014 വര്‍ഷം ഭരണാനുമതി നല്‍കാന്‍ നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

പനത്തൂറക്കര തീരപ്രദേശത്തു നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ്

140 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖവകുപ്പ് നേമം നിയോജക മണ്ഡലത്തിലെ വെള്ളാർ നഗരസഭാ വാർഡിൽ പനത്തൂറക്കര തീരപ്രദേശത്തു നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിന്റെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നു തുടങ്ങാനാവുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കടുത്തുരുത്തി മത്സ്യത്തൊഴിലാളി മേഖലയിലേയ്ക്കുള്ള റോഡു നവീകരണം</u>

141 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിലേക്കുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡിന്റെ പ്രൊപ്പോസൽ ആണ് വകുപ്പിന് ലഭിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകൾക്ക് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ഇതിന്റെ കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റ് എടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും നൽകിയിട്ടുള്ള മത്സ്യ കോളനി റോഡുകൾക്ക് ഉടൻ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യ കോളനി റോഡുകൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

മത്സ്യഗ്രാമങ്ങള്‍

142 ശ്രീ. എസ്. ശര്‍മ്മ
'' എ.എം. ആരിഫ്
'' കെ.വി. അബ്ദുള്‍ ഖാദര്‍
'' കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യഗ്രാമങ്ങളുടെ വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മത്സ്യഗ്രാമങ്ങളായി പരിഗണിച്ചിട്ടുള്ളവ എത്രയാണ്; എല്ലാ ഗ്രാമങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര;

(സി) പദ്ധതിയ്ക്ക് ഏതെല്ലാം സ്രോതസ്സുകളില്‍ നിന്നുള്ള സാമ്പത്തിക സഹായങ്ങളാണ് ഉറപ്പാക്കിയിരിക്കുന്നത്; ബജറ്റ് വിഹിത വിനിയോഗം എത്ര;

(ഡി) പദ്ധതിക്ക് സര്‍ക്കാര്‍ അനുമതി നല്‍കിയിട്ടുണ്ടെങ്കില്‍, പദ്ധതിയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>സയോജിത മത്സ്യ വികസന പദ്ധതി</u>

143 ശ്രീ. ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത മൽസ്യ വികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് സഹായം നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എൻ. സി. ഡി. സി. എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ</u>

144 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായും അവരുടെ തൊഴിൽ സുരക്ഷയ്ക്കായും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന തണൽ പദ്ധതിയുടെ വിശദവിവരം നൽകാമോ;

(സി) എത്ര മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്;

(ഡി) മത്സ്യത്തൊഴിലാളികൾ നേരിടുന്ന മണ്ണെണ്ണ ക്ഷാമത്തിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി സർവ്വെ

145 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുളളക്കുട്ടി
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സർവ്വേ നടത്താൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വെയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കാര്യങ്ങളാണ് സർവ്വെയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സർവ്വേയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യ തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി</u>

146 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികൾക്കുള്ള സമ്പാദ്യ പദ്ധതിയിൽ എത്ര മത്സ്യ തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; ജില്ല /നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

((ബി) പ്രസ്തുത പദ്ധതിയിൽ മത്സ്യ തൊഴിലാളികളുടെ നിക്ഷേപം എത്ര; ജില്ല/നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ പ്രസ്തുത പദ്ധതിയിൽ എത്ര മത്സ്യ തൊഴിലാളികൾക്ക് എത്ര തുക വീതം സമാശ്വാസം വിതരണം ചെയ്തിട്ടുണ്ട്; ജില്ല /നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

147 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് റസ്ക്യൂ ബോട്ടുകൾ വിതരണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ;

(ബി) ആംബുലൻസ് സൗകര്യമടക്കമുള്ള പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ പ്രസ്തുത ബോട്ടുകളിൽ ലഭ്യമാകുമോ;

(സി) ഇത്തരത്തിലുള്ള എത്ര ബോട്ടുകളാണ് തുടക്കത്തിൽ നല്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) മലപ്പുറം ജില്ലയിൽ റസ്ക്യൂ ബോട്ട് നല്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കടലിൽ മുങ്ങിമരിക്കുന്നവർക്ക് നഷ്ടപരിഹാരം</u>

148 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ മുങ്ങിമരിക്കുന്നവർക്ക് ആശ്രിതധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ, എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>വല നശിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം</u>

149 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽമാക്രികളുടെ ആക്രമണത്താൽ വല നശിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) സർക്കാർ നഷ്ടപരിഹാരമായി നൽകിവരുന്ന 5000/– രൂപ അപര്യാപ്തമായതിനാൽ യഥാർത്ഥത്തിൽ വരുന്ന നഷ്ടമനുസരിച്ച് തുക ഉയർത്തി നൽകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ്

150 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ് തുക എത്ര വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഈ സർക്കാർ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ എത്ര തുക വിതരണം ചെയ്തു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ് കുടിശ്ശിക വന്നിട്ടുണ്ടോ ; എന്തുകൊണ്ടാണ് പ്രസ്തുത തുക കുടിശ്ശിക വന്നിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ; പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അനുബന്ധ മത്സ്യതൊഴിലാളി പെൻഷൻ</u>

151 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനുബന്ധ മത്സ്യതൊഴിലാളി പെൻഷന് അപേക്ഷിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കുടുംബ വരുമാനം മാനദണ്ഡമായി നിശ്ചയിച്ചത് മൂലം വർഷങ്ങളായി തൊഴിലെടുത്ത് വരുന്നവരും ക്ഷേമനിധി വിഹിതം അടച്ചുവരുന്നവരുമായ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കാതെ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) മത്സ്യതൊഴിലാളി പെൻഷന് അപേക്ഷിക്കുന്നതിനുള്ള അതേ മാനദണ്ഡം അനുബന്ധ തൊഴിലാളികൾക്കും ബാധകമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സാധ്യത</u>
<u>വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

152 **ശ്രീ.ഇ.കെ.വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

**തീരദേശ വികസന കോർപ്പറേഷനുള്ള ഫണ്ടിന്റെ അപര്യാപ്തത**

153 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര മത്സ്യമേഖല വികസന പദ്ധതിക്കും ഭവനരഹിതരായ മത്സ്യ തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിക്കും ആവശ്യമായ ഫണ്ട് തീരദേശ വികസന കോർപ്പറേഷന് ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ഫിഷറീസ് ഫാമുകളുടെ പ്രവർത്തനം

154 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിലുള്ള കാവിൽ എന്ന സ്ഥാപനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ; പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അലങ്കാര മത്സ്യം ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റി അയച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അലങ്കാര മത്സ്യ കയറ്റുമതി ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ഷെയർ ഹോൾഡർമാരാണ് ഇപ്പോൾ ഉള്ളതെന്ന് ലിസ്റ്റ് സഹിതം വിശദമാക്കാമോ; ആരെങ്കിലും ഷെയർ പിൻവലിച്ചിട്ടുണ്ടോ;

(ഇ) ഹോം ഷെഡ് ഫാമുകളിൽ നിന്നും അലങ്കാര മത്സ്യം വാങ്ങാറുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് വാങ്ങുന്നില്ല എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

മത്സ്യസമ്പത്തിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ നടപടി

155 ശ്രീ. പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും കാണപ്പെട്ടിരുന്ന നിരവധിയിനം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മത്സ്യ വൈവിദ്ധ്യങ്ങളുടെ വംശനാശത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇനിയുമുള്ള മത്സ്യജാതികളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) കടൽ മത്സ്യ സമ്പത്തിൽ കുറവു വന്നിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ആയത് പരിശോധിക്കുവാൻ എന്തെങ്കിലും പഠനങ്ങൾ നടക്കുന്നുണ്ടോ; ഇതിന്റെ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>അശാസ്ത്രീയമായ മണലെടുപ്പുമൂലം ഉൾനാടൻ മത്സ്യങ്ങൾക്ക് സംഭവിച്ച നാശം</u>

156 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായ മണലെടുപ്പുമൂലം ഉൾനാടൻ മത്സ്യങ്ങൾക്ക് സംഭവിച്ച നാശം പരിഹരിക്കാൻ ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യ സമൃദ്ധി പദ്ധതി</u>

157 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതിയിൽ വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) വയനാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്താണ് മത്സ്യ സമൃദ്ധി പദ്ധതി നടപ്പാക്കുന്നതെന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(സി) മത്സ്യ കർഷകർക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധനയാനങ്ങളുടെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി</u>

158 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനയാനങ്ങളുടെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; മണ്ണെണ്ണയുടെ ദൗർലഭ്യം പരിഗണിച്ച് മണ്ണെണ്ണ നേരിട്ട് ഇറക്കുമതി ചെയ്യാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മണ്ണെണ്ണയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയിൽ ഡീസൽ എഞ്ചിനുകളും, സൗരോർജ്ജ എഞ്ചിനുകളും ഗ്യാസ് എഞ്ചിനുകളും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മാരക രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയാൻ നടപടി

159 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യം കേടുകൂടാതെയിരിക്കുന്നതിന് ഉപയോഗിക്കുന്ന ഐസ് ജനങ്ങളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നും അവയിൽ മാരക രാസ വസ്തുക്കൾ കലരുന്നുണ്ടോയെന്നും പരിശോധിക്കുവാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അവ പരിശോധിക്കുവാനും ആരോഗ്യകരമല്ലാത്ത സാഹചര്യങ്ങളിൽ ഉണ്ടാക്കുന്നതും അപകടകരമായ രാസവസ്തുക്കൾ ചേർത്ത് തയ്യാറാക്കുന്നതുമായ ഐസിന്റെ ഉത്പാദനവും വിപണനവും തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പൊതുജനങ്ങൾ ഉപയോഗിക്കുന്ന മത്സ്യം പലപ്പോഴും ഫോർമാലിൻ അടക്കമുള്ള രാസവസ്തുക്കൾ ചേർത്ത് കേടാകാതെ നിലനിർത്തുന്നവയാണെന്നും ഇത്തരം മത്സ്യങ്ങൾ ഉപയോഗിക്കുന്ന മനുഷ്യർക്ക് ക്യാൻസർ പോലെ മാരക രോഗങ്ങൾ ഉണ്ടാകുന്നു എന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; മത്സ്യബന്ധന മേഖലയെ തന്നെ ഗുരുതരമായി ബാധിക്കാവുന്ന ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മരിടൈം സര്‍വ്വകലാശാല</u>

160 ശ്രീ. വര്‍ക്കല കഹാര്‍
,, പി. എ. മാധവന്‍
,, കെ. മുരളീധരന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മരിടൈം സര്‍വ്വകലാശാല സ്ഥാപിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) മരിടൈം മേഖലയെ പരമാവധി പ്രയോജനപ്പെടുത്തുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>മാരിടൈം ബോർഡ്</u>

161 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് രൂപീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി രൂപീകരണത്തിനായ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>എയർ കേരളയ്ക്കു വേണ്ടിയുള്ള പദ്ധതി</u>

162 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരളയ്ക്കു വേണ്ടി പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) കേന്ദ്രം മുന്നോട്ടു വച്ച നിബന്ധനകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിബന്ധനകളിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>എയർ കേരള</u>

163 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരളയ്ക്കായി സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന കേന്ദ്ര വ്യോമയാന മന്ത്രി അജിത് സിംഗിന്റെ പ്രസ്താവനയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) എയർ കേരള 2013 വിഷുദിനത്തിൽ പറന്നുയരുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാകാതെ പോയത് എന്തുകൊണ്ടായിരുന്നു;

(സി) എയർ കേരള യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം</u>

164 ശ്രീ. സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിമാനത്താവളത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

കണ്ണൂർ എയർപോർട്ടിനായി വിവിധ സർക്കാരുകൾ ഏറ്റെടുത്ത ഭൂമി

165 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോട്ടിനായി മുൻ നായനാർ സർക്കാറിന്റെ കാലത്ത് ഏറ്റെടുത്ത ഭൂമി എത്രയായിരുന്നു; ഇതിന്റെ തുടർച്ചയായി 2001- 2006 കാലയളവിൽ യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് ഏറ്റെടുത്ത ഭൂമി എത്ര; 2006 -2011 കാലയളവിൽ എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുത്ത ഭൂമി എത്ര; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര ഭൂമി ഏറ്റെടുക്കുന്നതിനു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എയർ പോർട്ട് കമ്പനിയുടെ മൊത്തം എന്തു തുകയുടെ ഓഹരി ലഭിക്കുന്നതിന് നിശ്ചിത ശതമാനം തുക അടച്ച് അപേക്ഷിച്ചിട്ടുണ്ടായിരുന്നു; അപേക്ഷിച്ചവർ മൊത്തം എത്ര;

(സി) എയർപോർട്ട് കമ്പനിയുടെ ആതറൈസ്ഡ്സ് ഷെയർ ക്യാപിറ്റൽ എത്ര; പെയ്ഡപ് ഷെയർ ക്യാപിറ്റൽ എത്ര?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് വേണ്ടി അക്വയർ ചെയ്ത ഭൂമി</u>

166 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് വേണ്ടി മുൻ സർക്കാരിന്റെ കാലത്ത് അക്വയർ ചെയ്ത ഭൂമി എത്രയായിരുന്നു ; എത്ര ഭൂമി അക്വയർ ചെയ്യാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു ; എയർപോർട്ടിനാവശ്യമായ മൊത്തം ഭൂമിക്ക് എന്ത് തുക വിലയായി നൽകി ;

(ബി) കിൻഫ്രയ്ക്ക് ഭൂമി അക്വയർ ചെയ്ത ഇനത്തിൽ കൊടുത്തു തീർക്കാനുള്ള പലിശ സഹിതമുള്ള മൊത്തം തുക എത്ര ; അവശേഷിക്കുന്ന ഭൂമി കൂടി അക്വയർ ചെയ്യുന്നതിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) കിൻഫ്ര എയർപോർട്ടിനായി ഇതിനകം കൈമാറിയ സ്ഥലം എത്രയാണ് ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവളം വഴി ചരക്ക് കയറ്റുന്നതിന് നിരോധനം</u>

167 ശ്രീ.കെ. എൻ. എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലൂടെ ഗൾഫിലേക്ക് കയറ്റി അയയ്ക്കാൻ കൊണ്ടുവരുന്ന ചരക്കുകൾ കയറ്റാനനുവദിക്കാതെ മടക്കി അയയ്ക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈയിടെ 6000 കിലോ മത്സ്യം ഗൾഫിലേക്ക് കയറ്റി അയയ്ക്കാൻ കോഴിക്കോട് വിമാനത്താവളത്തിലെ കസ്റ്റംസ് അധികൃതർ സമ്മതിക്കാതിരുന്നതു സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ; എങ്കിൽ കാരണം അന്വേഷിച്ചിട്ടുണ്ടോ എന്നും എന്താണ് കാരണമെന്നും വ്യക്തമാക്കാമോ;

(സി) അതേ മത്സ്യം മറ്റൊരു വിമാനത്താവളത്തിൽ നിന്നും കയറ്റി അയച്ച കാര്യം അറിയാമോ; എങ്കിൽ കോഴിക്കോട് വഴി കയറ്റി അയയ്ക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഉദ്യോഗസ്ഥരുടെ ഇത്തരം നിലപാട് കാരണം കോഴിക്കോട് വിമാനത്താവളത്തിന് നികുതിയിനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ?